# Weekly Devotion - March 2019

## Deception is not Justifiable

## (ഭൂഷണമല്ല ചൂഷണം)



പാപം മനുഷ്യനെ കാർന്നു തിന്നുമ്പോൾ അലസത, ദുഷ്ടത, സ്വാർത്ഥത മുതലായ ദുഷിച്ച സ്വഭാവങ്ങൾ ഉടലെടുക്കുന്നു. അദ്ധ്വാനിക്കാതെ ജീവിക്കുവാനും, താൻ മാത്രമേ നന്നാകാവൂ എന്ന ചിന്തയും ഈ സ്വഭാവക്കാരുടെ പ്രത്യേകതയാണ്. മറ്റുള്ളവരുടെ നന്മയും അനുഗ്രവും ഒരു മടിയും ഇല്ലാതെ ഈ കൂട്ടർ ചൂഷണം ചെയ്യുന്നു.

ഒരിക്കൽ മറ്റുള്ളവരെ ചൂഷണം ചെയ്ത് ധനികനായി ജീവിച്ചിരുന്ന ഒരു യുവാവ് അമേരിക്കയുടെ ആദ്യ പ്രസിഡന്റായിരുന്ന ഏബ്രഹാം ലിങ്കണ് ഒരു ചെടി സമ്മാനിച്ചു. സന്തോഷത്തോടെ സ്വീകരിച്ച ലിങ്കൺ ആ ചെടിക്കിടേണ്ട വളത്തെക്കുറിച്ച് ചോദിച്ചു. ഈ ചെടിക്ക് പ്രത്യേകമായി താങ്കൾ ഒന്നും ചെയ്യണ്ട മറ്റുള്ള ചെടികൾക്ക് കൊടുക്കുന്നത് അപഹരിച്ചെടുത്ത് വളരുന്നതാണ് അതിന്റെ സ്വഭാവം എന്ന് ദാതാവായ മനുഷ്യൻ വെളിപ്പെടുത്തി. ലൗകീക മണ്ഡലത്തിലും ആത്മീയ മണ്ഡലത്തിലും ഈ സ്വഭാവക്കാരെ ഇന്ന് ധാരാളം കാണുവാൻ കഴിയും.

ചെറിയ തീ വലിയകാട് കത്തിയ്ക്കുന്നു എന്ന മലയാള ഭാഷയിലെ പഴഞ്ചൊല്ല് പാപമാകുന്ന തീയുടെ കാര്യത്തിലും അന്വർത്ഥമാണ്. കാട്ടു തീ പടർന്നു പിടിക്കുന്നതിന്റെ പ്രധാനകാരണം കാറ്റ് സഹായിയായി കൂടുന്നതാണ്. പാപം ചെറിയ തീപ്പൊരിയായി ഒരാളുടെ ഉള്ളിൽ വീഴുന്നു. പലവിധമോഹങ്ങൾ ആ തീ ആളിക്കത്തിക്കുവാൻ സഹായിക്കുന്നു. ആളിപ്പടരുന്ന തീ ഒരു വ്യക്തിയിലെ നന്മകൾ നശിപ്പിക്കുകയും ദൂഷ്യഫലങ്ങൾ അവനിൽ ഉളവാക്കുകയും ചെയ്യുന്നു.

ഉല്പ (27:41) ൽ ഏശാവ് തന്നെ രണ്ടു പ്രാവശ്യം ചതിച്ച് തന്റെ ജ്യേഷ്ഠാവകാശവും, പിതാവിന്റെ അനുഗ്രഹവും നേടിയെടുത്ത അനുജനെപ്പറ്റിയാണ് ഹൃദയത്തിൽ പറഞ്ഞത്. ഉപായത്തോടെ വന്ന് അപഹരിച്ചവൻ എന്ന് തന്റെ രണ്ടാമത്തെമകനെപ്പറ്റി യിസഹാക്ക് പറയുമ്പോൾ, ചതിയൻ അഥവാ അപഹരിച്ചെടുക്കുന്ന യാക്കോബ് എന്ന പേരുകാരനായി അനുജനെപ്പറ്റി ജ്യേഷ്ഠനും പറയുന്നു. (ഉല്പ:27:35-36)

പേരിൽ നിന്ന് പ്രവർത്തിയല്ല പ്രവർത്തിയിൽ നിന്ന് പേരാണ് രൂപപ്പെടുന്നത്. കുട്ടിയ്ക്ക് പേരിടുന്ന കാര്യത്തിൽ ഒരു ഗുരുവിനെ സമീപിച്ചു. രണ്ടുപേരും അവരവരുടെ പിതാവിന്റെ പേർ കുട്ടിയ്ക്കിടുവാൻ വാശിപിടിച്ചപ്പോഴാണ് വഴക്കായത്. ഗുരു രണ്ടു പേരോടും പേരുകൾ ചോദിച്ചു അപ്പോഴാണ് രണ്ടും ഒരു പേരാണെന്ന് മനസ്സിലായത്. പിന്നെ നിങ്ങൾ എന്തിനാണ് വഴക്കിടുന്നത് എന്ന ചോദ്യത്തിന് എന്റെ പിതാവ് പണ്ഡിതനും അയാളുടെ പിതാവ് കള്ളനും ആണെന്ന് ഭാര്യ പറഞ്ഞു. നിങ്ങൾ മുത്തച്ഛന്മാരുടെ പേർതന്നെ വിളിക്കുക, കുറേ നാളുകൾ കഴിയുമ്പോൾ കുട്ടിയ്ക്ക് ആരുടെ പേരാണ്

നൽകിയതെന്ന് മനസ്സിലാക്കും. പേരിടുന്നതിനുള്ള തീഷ്ണതയെക്കാൾ പ്രധാനമാണ് പേർകളയാതിരിക്കുവാനുള്ള പ്രയാണം. പേരിന്റെ പെരുമയ്ക്കല്ല പ്രവർത്തിയിലെ നന്മയാണ് പ്രധാനം.

യിസഹാക്ക്, റിബേക്ക, ഏശാവ്, യാക്കോബ് ഈ നാലുപേരിൽ ആരാണ് തെറ്റുകാർ എന്ന് നമുക്ക് പറയുവാൻ കഴിയുകയില്ല. എന്നാൽ സത്യവചനം അവരുടെ സ്വഭാവ വൈകല്യങ്ങളെ ഒളിപ്പിച്ചു വയ്ക്കാതെ കാട്ടിയതിനാൽ പഠിച്ച് തെറ്റുതിരുത്തുവാൻ നമുക്ക് കഴിയും. വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനാണ്. ഗർഭത്തിൽ ഉരുവായപ്പോൾ തന്നെ മൂത്തവൻ ഇളയവനെ സേവിക്കുമെന്ന് ദൂത് ലഭിച്ചതാണ്. അപ്പന് വേട്ടയിറച്ചിയോടുള്ള ഭ്രമം ഏശാവിന് വിശപ്പടക്കുവാൻ കഴിവില്ലാത്തതും ഭക്ഷണത്തിനുവേണ്ടി സകലതും അലക്ഷ്യമാക്കുന്ന സ്വഭാവവുമാണ് പ്രശ്നങ്ങൾക്ക് കാരണമായത്. മറ്റുള്ളവരുടെ സംസാരം ഒളിഞ്ഞുനിന്ന് കേൾക്കുക, മക്കളിൽ ഒരാളുടെ നന്മ മാത്രം ആഗ്രഹിക്കുക എന്ന ദൂഷ്യസ്വഭാവം ഒരു മാതാവിനും ദൂഷണമല്ല. ആ സ്വഭാവം റിബേക്കയിലുണ്ടായിരുന്നതാണ് ഏശാവ് ഹൃദയത്തിൽ ദോഷം നിരൂപിക്കുവാൻ കാരണമായത് Read ഉല്പ : (25:23-33) ആവ :(21:17) യാക്കോബ് വിശന്നുവന്ന സഹോദരനോട് ജ്യേഷ്ഠാവകാശം വാങ്ങിയത് സത്യം ചെയ്യിച്ചിട്ടാണ്. സത്യം ചെയ്യുന്നവന് പിന്നീട് വാക്കുമാറുവാൻ കഴിയാത്തതിനാൽ അത് നേടിയ ശേഷമാണ് പായസം നൽകിയത്. അപ്രകാരം ജേഷ്ടാവകാശം നേടിയവന് മൂത്തമകന്റെ അനുഗ്രഹവും നേടിയെടുത്തു. കാരണം അവനാണ് ഇപ്പോൾ ജ്യേഷ്ഠൻ. ഇവിടെയാണ് ഭംഗിയായി മാതാവ് കളിച്ചത്. അത് സ്വയംകൃതശാപത്തിന് അവളെ അവകാശിയാക്കി. (ഉല്പ 27:12-13,46). ഹൃദയത്തിൽ ദോഷം നിരൂപിക്കുന്നവർ കായീന് യഹോവ നൽകിയ മുന്നറിയിപ്പ് ഓർക്കുക. Read ഉല്പ : (4:5-6)

ഏശാവ് ഹൃദയത്തിൽ പറഞ്ഞത് റിബേക്ക അറിയുവാനിടയായത് ആരോടെങ്കിലും അവൻ ആ ചിന്ത പങ്കുവയ്ക്കുകയോ, ഉറക്കെ പറയുകയോ ചെയ്തിട്ടാകാം ചതിയനെ പ്രവാസിയാക്കും മുൻപ് ലഭിക്കാവുന്ന എല്ലാ അനുഗ്രഹവും മകന് അമ്മവാങ്ങി നൽകി . (ഉല്പ:28:1,2), എന്നാൽ ചെന്നെത്തിയത് അതിലും വലിയ ചതിയനായ അമ്മാവന്റെ അടുക്കലാണ്. കണ്ണുകാണാത്ത അപ്പനോട് യഹോവയുടെ നാമത്തിൽ സത്യം ചെയ്തത് ജ്യേഷ്ഠനോടും ചെയ്തതിലും വലിയ തെറ്റാണ്.

ചൂഷണം ചെയ്ത് നേടിയത് ഭൂഷണമാകണമെങ്കിൽ യഹോവകൂടി നിശ്ചയിക്കണം. വാഗ്ദത്തം ഒരു വ്യക്തിയിൽ നടപ്പാക്കണമെങ്കിൽ അവനിൽ ശുദ്ധീകരണം നടക്കണം. മനസ്സ് പുതുക്കി രൂപാന്തരം പ്രാപിച്ചപ്പോൾ, ചതിയനെ പേരുപോലും മാറ്റി അനുഗ്രഹിക്കുകയും മടക്കിവരുത്തുകയും ചെയ്തു . റോമ:(12:2) അനുസരിച്ച് രൂപാന്തരം പ്രാപിച്ച് ഭൂഷണമല്ലാത്തവ ഒഴിവാക്കി ജീവിപ്പാൻ ദൈവം കൃപ ചെയ്യട്ടെ.

Santhamma Varghese

*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind